പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 760 02/12/2015 ൽ മറുപടിക്ക്

## കാസർഗോഡ് ഗവ. ജനറൽ ഹോസ്പിറ്റലിലെ എക്സ് റേ യൂണിറ്റ്

| ചോദ്യം<br>**ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ഗവ. ജനറൽ ഹോസ്പിറ്റലിൽ എക്സ് റേ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അതിനായി എന്ത് തുക ചെലവായി എന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും | 1987ൽ, 700 എം.എ. എക്സ്റേ മെഷീൻ 3,77,208/- രൂപ ചെലവഴിച്ച് കാസർഗോഡ് ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ എക്സ്റേ മെഷീൻ സ്ഥാപിച്ചിരുന്ന പഴകിയ കെട്ടിടം തകർന്നതിനാൽ 2010 നവംബറിൽ എക്സ്റേ മെഷീൻ അഴിച്ചുവച്ചതുമുതൽ ജനറൽ ആശുപത്രിയിലെ എക്സ്റേ പ്രവർത്തിക്കുന്നില്ല. പകരമായി ആശുപത്രി കോമ്പൗണ്ടിനുള്ളിലുള്ള ജില്ലാ റ്റി.ബി. സെന്ററിലെ എക്സ്റേ യൂണിറ്റ് മുഖേനയാണ് ആശുപത്രിയിലെ രോഗികളുടെ എക്സ്റേ എടുത്തുകൊണ്ടിരുന്നത്. എന്നാൽ 2014 സെപ്റ്റംബർ പകുതിയോടെ ജില്ലാ ടി.ബി. സെന്ററിലെ മെഷീന്റെ പ്രധാന ഭാഗങ്ങൾ പൂർണ്ണമായി തകരാറിലായതിനാൽ പ്രവർത്തനം നിർത്തിവെച്ചു.<br>ഇതിനിടയിൽ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ 2015 ഏപ്രിൽ മാസത്തിൽ ജനറൽ ആശുപത്രിയ്ക്ക് ഒരു 300 എം.എ. എക്സ്റേ അനുവദിച്ചു. പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടം എച്ച്.ഡി.സി. ഫണ്ട് ഉപയോഗിച്ച് പൂർത്തിയായി വരുന്നു. എന്നാൽ ജില്ലാ ടി.ബി. സെന്ററിലെ യൂണിറ്റ് റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്ത തിനാൽ പ്രസ്തുത യൂണിറ്റ് പ്രസ്തുത സ്ഥലത്തുനിന്നും മാറ്റിയതിനുശേഷം പകരം ആശുപത്രിയ്ക്ക് അനുവദിച്ച എക്സ്റേ യൂണിറ്റ് |
| (ബി) | എക്സ്റേ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ്; എപ്പോഴാണ് ഇത് പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നത്; കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഒരു ദിവസം മിനിമം എത്ര രോഗികൾക്ക് എക്സ്റേ പരിശോധന വേണ്ടി വരുന്നു; എക്സ് റേ യൂണിറ്റ് പ്രവർത്തിക്കുന്നില്ലെങ്കിൽ പാവപ്പെട്ട രോഗികൾക്കായി ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുവാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. അതിൻ പ്രകാരം കമ്പനിയോട് ആവശ്യ പ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ എ.ഇ.ആർ.ബി. രജിസ്ട്രേഷൻ നടപടി പൂർത്തിയാകാത്തതിനാലും ടി.ബി. സെന്ററിലെ പഴയ യൂണിറ്റ് അഴിച്ചുമാറ്റാത്തതിനാലും പുതിയ എക്സറേ യൂണിറ്റ് സ്ഥാപിച്ചിട്ടില്ല. പ്രസ്തുത കാര്യത്തിനു വേണ്ടിയുള്ള നടപടികൾ ഊർജ്ജിതമായി പുരോഗമിച്ചുവരുന്നു. പുതിയ യൂണിറ്റ് ഒരു മാസത്തിനകം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഏതാണ്ട് പ്രതിദിനം മുപ്പതിലധികം രോഗികൾ എക്സറേ പരിശോധനയ്ക്ക് വരാറുണ്ട്. സമഗ്ര ആദിവാസി ആരോഗ്യ സുരക്ഷ പദ്ധതി, ആരോഗ്യകിരൺ, ആർ.എസ്.ബി.വൈ എന്നീ സ്കീമിൽ ഉൾപ്പെടുന്ന പാവപ്പെട്ട രോഗികൾക്ക് പുറത്ത് നിന്ന് എക്സറേ എടുക്കുന്നതിന് വേണ്ടിവരുന്ന ചെലവ് 18/06/2014 മുതൽ ആശുപത്രിയിൽ നിന്നും തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**